STUDY MATE
QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

## കേരളപാഠാവലി

Std : 7

Time: 1½ Hrs
Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

**പ്രവർത്തനം-1**

കൊന്നമരങ്ങളിൽ സ്വർണം വിളയുന്ന
പുണ്യകാലങ്ങളിൽ ചൈത്രത്തിൽ
മുളുന്ന പൊന്നൊളിപ്പോക്കുവെയ്‌ലോളത്തിൽ
മുങ്ങിക്കുളിക്കുന്ന പൂമ്പാറ്റേ
കണ്ടുവിഷുക്കണി എത്രഞാ, നോണവു
മുണ്ടു പലകുറിയെന്നിട്ടും
നിന്നിൽ തുടിക്കുമീനിഷ്കളനിർവൃതി-
യെന്നിൽ തിളച്ചു മറിഞ്ഞില്ല

(അക്കിത്തം)

a. കൊന്നമരത്തിൽ സ്വർണം വിളയിക്കുന്ന മാസം ഏത്? [1]

b. എന്തിലാണ് പൂമ്പാറ്റകൾ മുങ്ങിക്കുളിക്കുന്നത്? [1]

c. ഈ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കു. [3]

**പ്രവർത്തനം-2**

**ജീവചരിത്രക്കുറിപ്പ്**

a. * ആധുനിക കവിത്രയത്തിൽ ഒരാൾ
* കലാമണ്ഡലം സ്ഥാപിച്ചു
* സാഹിത്യമഞ്ജരി, കൊച്ചുസീത, അച്ഛനും മകളും
* ചിത്രയോഗം മഹാകാവ്യം
* വെട്ടത്തുനാട്ടിൽ 1878-ൽ
* കേരളവാൽമീകി

ഈ സൂചനകളുടെ അടിസ്ഥാനത്തിൽ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. [4]

b. "വല്ലീതരു മണ്ഡലം" എന്ന വാക്കിന്റെ അർത്ഥം എഴുതുക. [1]

[P.T.O]

https://studymatequestionbank.blogspot.com/

**പ്രവർത്തനം-3**

* "അന്നാദ്യമായ് ആ അൽഭുതനാദം ഞാൻ കേട്ടു"
* "മരങ്ങളായ മരങ്ങളിലെ ഇലകളൊക്കെ ഉണങ്ങി നിൽക്കുന്നു"

ഈ വരികളിലൂടെ ഷോളയാർ വനത്തിലെ ആകർഷണീയതയെ നമുക്ക് തിരിച്ചറിയാനാവും. ആ പാഠഭാഗത്തിലെ ആശയം ചോർന്നുപോകാതെ വർണ്ണന തയ്യാറാക്കുക. [5]

**പ്രവർത്തനം-4**

a. "ഇപ്പോക്കുവെയ്ലേൽക്കുകയാൽ വിചിത്ര-
വർണ്ണം വഹിക്കുന്നിതു കുന്നിതേറ്റം"

ഈ വരിയിലെ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. [4]

b. ഇടശബ്ദം ചേർത്തത് മാറ്റി ഇടശബ്ദമില്ലാതെ എഴുതുക.

മാതൃക : മണ്ണിന്റെ അടരുകളിൽ → മണ്ണടരുകളിൽ

കാതിൽ വീണ്ടും ചിറകുകളുടെ മൃദുവായ മന്ത്രണം

മാതൃക പോലെ ഇടശബ്ദമില്ലാതെ എഴുതുക. [1]

**പ്രവർത്തനം-5**

STUDY MATE QUESTION BANK HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

a. നിങ്ങൾ ധാരാളം പൂമ്പാറ്റകളെ ദിവസവും കാണാറുണ്ടല്ലോ. പൂക്കൾ ധാരാളമുണ്ടെങ്കിൽ പൂമ്പാറ്റയും ഉണ്ടാകും. അങ്ങനെ നിങ്ങൾ കണ്ടിട്ടുള്ള പൂമ്പാറ്റകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക. [4]

b. 'ലവലേശം' എന്ന പദത്തിനർത്ഥം എഴുതുക. [1]

**പ്രവർത്തനം-6**

പുഴകൾ മലിനമാകുമ്പോൾ, കുന്നുകൾ ഇടിച്ചു നിരത്തുമ്പോൾ സൗഭാഗ്യങ്ങളുടെ മേൽ കടന്നുകയറ്റം നടത്തുകയാണ് മനുഷ്യൻ. ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക. [5]

https://studymatequestionbank.blogspot.com/